# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2709 09.05.2017-ൽ മറുപടിയ്ക്ക്

## രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായ ഗ്രാമസഭകൾ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | ഏതെല്ലാം മേഖലകളിലാണ് ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | പശ്ചാത്തലമേഖല, സേവനമേഖല, ഉത്പാദനമേഖല എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കണമെന്നും ഇതിനായി വികസനഫണ്ട് വകയിരുത്തേണ്ട രീതികളും മാർഗ്ഗരേഖയിൽ വിശദമാക്കിയിട്ടുണ്ട്. കാർഷിക മേഖല, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, കുടിവെള്ള വിതരണം, ഊർജ്ജം വിദ്യാഭ്യാസം, ഗതാഗതം, ആരോഗ്യ സംരക്ഷണം, ശുചിത്വം, യുവജനക്ഷേമം, കലാകായികം തുടങ്ങിയ മേഖലകളുടെ ഉന്നമനത്തിനും പദ്ധതികൾ തയ്യാറാക്കണമെന്നും ഇതിനായി പ്രത്യേകമായി ഫണ്ട് മാറ്റിവയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | കാർഷിക മേഖലയുടെ പുരോഗതിക്കു വേണ്ടി ഏതെല്ലാം പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണത്തിലൂടെ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | കാർഷിക മേഖലയിൽ ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തടപരിപാലനം, വനവത്കരണം എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ഭക്ഷ്യവിളകളുടെ വിള വിസ്തൃതി, ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ, ജൈവകൃഷിയും ജൈവവളങ്ങളുടേയും ജൈവ കീടനാശിനികളുടേയും ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുക, കാർഷിക വിളകകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക, പഴം-പച്ചക്കറി വിപണനത്തിന് പരമ്പരാഗത ചന്തകൾ, നാടൻ ചന്തകൾ വഴി |

| | | | |
|---|---|---|---|
| | | | വിപണന സാധ്യതകൾ ഉണ്ടാക്കും തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. തരിശു ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുക, സ്വകാര്യഭൂമിയിലും പൊതു സ്ഥലങ്ങളിലും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങിയവ തൊഴിലുറപ്പുപദ്ധതിവഴി നടപ്പാക്കുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സംഘകൃഷിക്ക് ഗ്രൂപ്പുകൾ സംഘടിപ്പിച്ച് സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതിനും കർഷകരുടെ കൂട്ടായ്മ മുഖേന ഉത്പന്നസംഭരണം, പ്രാഥമിക സംസ്കരണം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കാർഷിക ഉത്പാദന കമ്പനികൾ മുഖേന ഉത്പന്നവൈവിധ്യവത്കരണം, സംസ്കരണം, വിപണനം, കയറ്റുമതി പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുക്കുന്നതിനും മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**